ത്യാഗരാജ സ്വാമി ആരാധനാ മഹോത്സവം

തിരുവനന്തപുരം : ചിത്തിരതിരുനാൾ സ്മാരക സംഗീത നാട്യകലാ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ത്യാഗരാജ സ്വാമികളുടെ ആരാധന 17ന് വൈകിട്ട് 5ന് ചിത്തിര തിരുനാൾ സ്കൂൾ ഒഫ് ഡാൻസ് ആൻഡ് മ്യൂസിക് ഹാളിൽ എ. വിജയകുമാർ എം.പി ഉദ്ഘാടനം ചെയ്യും. എൻ. ധനഞ്ജയൻ ഉണ്ണിത്താൻ (ചെയർമാൻ, കോർഡിയൽ ഫൗണ്ടേഷൻ) മുഖ്യാതിഥിയായിരിക്കും. കലാ സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരെ ചടങ്ങിൽ ആദരിക്കും. തുടർന്ന് പഞ്ചരത്ന കീർത്തനാലാപനവും സംഗീതാർച്ചനയും നടക്കും. ആഞ്ജനേയ പൂജയോടുകൂടി ആരാധന സമാപിക്കും.

കോവളം ലൈറ്റ്ഹൗസ് ഇന്ന് തുറന്ന് നൽകും

കോവളം: അറ്റകുറ്റപ്പണികളുടെ ഭാഗമായി അടച്ചിട്ടിരുന്ന കോവളം ലൈറ്റ്ഹൗസ് ഇന്ന് സന്ദർശകർക്കായി തുറന്ന് നൽകും. ലൈറ്റ്ഹൗസിന്റെ മുകളിലത്തെ ഗോവണി ഭാഗികമായി മാറ്റി പകരം രണ്ട് ഘട്ടങ്ങളിലായുള്ള ചവിട്ടുപടികൾ സ്ഥാപിച്ചതോടൊപ്പം പ്രായമേറിയവർക്ക് പിടിച്ച് കയറാൻ കൈവരിയുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്.

ഹീര കോളേജ് ഒഫ് എൻജിനിയറിംഗിൽ തൊഴിൽ മേള

നെടുമങ്ങാട്: ഹീര കോളേജ് ഒഫ് എൻജിനിയറിംഗ് സംഘടിപ്പിക്കുന്ന തൊഴിൽ മേള 16, 17 തീയതികളിൽ കോളേജ് ആഡിറ്റോറിയത്തിൽ നടക്കും. ഐ.ടി, മെക്കാനിക്കൽ, മാർക്കറ്റിംഗ് എന്നീ മേഖലകളിൽ നിന്നുള്ള പത്തോളം കമ്പനികളിലെ നൂറോളം ഒഴിവുകളിലേക്കുള്ള തിരഞ്ഞെടുപ്പാണ് മേളയിൽ നടക്കുന്നത്. പ്രമുഖ കൺസൾട്ടിംഗ് സ്ഥാപനമായ കോക്സ്സൊല്യൂഷൻസുമായി സഹകരിച്ചാണ് മേള സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും സൗജന്യ രജിസ്ട്രേഷനും പ്ലെയിസ്മെന്റ് ഓഫീസറുമായി ബന്ധപ്പെടുക. ഫോൺ: 9947053337.

അന്തർ കലാലയ പ്രസംഗമത്സരം

കഴക്കൂട്ടം: സെന്റ് സേവിയേഴ്സ് കോളേജിന്റെ മാനേജരായിരുന്ന ഫാദർ പോൾ വടക്കേൽ എസ്.ജെയുടെ ബഹുമാനാർത്ഥം അന്തർ കലാലയ പ്രസംഗമത്സരം 16ന് രാവിലെ 9.30 മുതൽ കോളേജ് ആഡിറ്റോറിയത്തിൽ നടക്കും.

സമൂഹമാദ്ധ്യമങ്ങളും യുവജനങ്ങളും എന്ന വിഷയത്തിൽ നടക്കുന്ന പ്രസംഗ മത്സരം മലയാളത്തിലായിരിക്കണം. 10 മിനിട്ടാണ് സമയദൈർഘ്യം. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. ഒന്നാം സ്ഥാനത്തിന് എവർ റോളിംഗ് ട്രോഫിയും നൽകും. മത്സരത്തിൽ പങ്കെടുക്കാനെത്തുന്ന വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. മത്സരാർത്ഥികൾക്ക് യാത്രാപ്പടി നൽകുന്നതാണ് കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2705254, 2704267, 9497447713.

അവധിക്കാല ചെസ് പരിശീലനം

തിരുവനന്തപുരം : കാപ്പാബ്ലാങ്ക ചെസ് സ്കൂൾ, ഉള്ളൂർ മധ്യവേനലവധിക്കാല ചെസ് പരിശീലന ക്യാമ്പ് ആരംഭിച്ചിരിക്കുന്നു. വാഹനസൗകര്യം ലഭ്യമാണ്. ഫോൺ : 9496446684.

കുടിശിക നിവാരണം

തിരുവനന്തപുരം : ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത് കുടിശിക വരുത്തിയിട്ടുള്ളവരിൽ, നവ കേരളീയം കുടിശിക നിവാരണം -2018 പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർക്കായി ഹെഡ് ഓഫീസിൽ 16ന് വീണ്ടും അദാലത്ത് സംഘടിപ്പിക്കുന്നു.

സി.എം.പി ജില്ലാ സമ്മേളനം : സ്വാഗത സംഘം രൂപീകരിച്ചു

തിരുവനന്തപുരം: ഏപ്രിൽ 7, 8 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന സി.എം.പി ജില്ലാ സമ്മേളനത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു.

രക്ഷാധികാരികളായി അഡ്വ. ജി. സുഗുണൻ, കാരേറ്റ് വിജയൻ, ശശികുമാരി, അയ്യപ്പൻ നായർ, പി.ജി. മധുരരാജ്, രവീന്ദ്രൻനായർ, ജയദാസ് എന്നിവരെയും ചെയർമാനായി പയറ്റുവിള ശശിയെയും തിരഞ്ഞെടുത്തു.

മറ്റ് ഭാരവാഹികൾ: വൈസ് ചെയർമാൻമാർ: കിളിമാനൂർ നടരാജൻ, ഗാന്ധിപുരം അനിൽ, വിഷ്ണു, അശോകൻ, ശ്രീകണ്ഠൻ നായർ, സെക്രട്ടറി: മാധവദാസ്, ജോയിന്റ് സെക്രട്ടറിമാർ: ദീപു, ഉണ്ണിക്കൃഷ്ണൻ, ചെല്ലമംഗലം സനൽ, ഷിജിത്ത്.

സാമ്പത്തിക സഹായം നൽകണം

തിരുവനന്തപുരം: സർക്കാരിന്റെ ജാഗ്രതാ നിർദ്ദേശമനുസരിച്ച് കടലിൽ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും സൗജന്യ റേഷനും അനുവദിക്കണമെന്ന് വി.എസ്. ശിവകുമാർ എം.എൽ.എ ആവശ്യപ്പെട്ടു.

തീരദേശമേഖലയിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാദ്ധ്യതയുള്ളതിനാൽ സർക്കാരിന്റെ ജാഗ്രതാ നിർദ്ദേശത്തോട് മുഴുവൻ മത്സ്യത്തൊഴിലാളികളും സഹകരിക്കണമെന്നും ശിവകുമാർ ആവശ്യപ്പെട്ടു.

മാലിന്യ നിക്ഷേപകരുടെ ഇഷ്ട കേന്ദ്രമായി കല്ലിയൂർ

■ അധികൃതർ മൗനത്തിലെന്ന് ആക്ഷേപം

◗ അനിൽകുമാർ

ശിവോദയം ക്ഷേത്രത്തിന് സമീപത്തെ ഒഴിഞ്ഞ പുരയിടത്തിൽ മാലിന്യം നിക്ഷേപിച്ച നിലയിൽ

നേമം: വെള്ളായണി കല്ലിയൂർ മേഖലയിലെ ഒഴിഞ്ഞ പുരയിടങ്ങളിലും വഴിവക്കിലും മാലിന്യനിക്ഷേപം രൂക്ഷമായിട്ടും അധികൃതർ മൗനത്തിലെന്ന് ആക്ഷേപം. ഇന്നലെ പുലർച്ചെ വെള്ളായണി ശിവോദയം ക്ഷേത്രത്തിന് സമീപം സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ അറവുശാലാ മാലിന്യം അടങ്ങിയ ചാക്കുകൾ നിക്ഷേപിച്ചതായി കണ്ടെത്തി. ലോറിയിലാണ് ഇവ എത്തിച്ചത് എന്ന് സംശയിക്കുന്നു.

വേവിള - ശാസ്താംകോവിൽ റോഡിൽ ആളൊഴിഞ്ഞ സ്ഥലങ്ങളിൽ റോഡിന് ഇരുവശത്തും പ്ലാസ്റ്റിക് കവറുകളിലും ചാക്കുകളിലുമായി നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ നിത്യ കാഴ്ചയാണ്. മാലിന്യ ചാക്കുകളിൽ നിന്നും പുഴക്കളും ഈച്ചകളും അരിച്ചിറങ്ങി ദുർഗന്ധം സഹിക്കാനാവാതെ നാട്ടുകാർ തന്നെ ഇവ മൂടുകയോ കത്തിച്ച് കളയുകയോ ചെയ്യാറാണ് പതിവ്. ഈ മേഖലിയിൽ വാഴത്തോട്ടങ്ങളായതിനാൽ രാത്രിയിലാണ് ഇവ നിക്ഷേപിക്കാറെന്ന് നാട്ടുകാർ പറയുന്നു. കൂടാതെ നായ്ക്കളുടെ ശല്യവും ദുരിതമായി മാറുകയാണ്.

ഊക്കോട് ഒഴിഞ്ഞ പ്രദേശത്ത് കഴിഞ്ഞ മാസം കക്കൂസ് മാലിന്യം നിക്ഷേപിച്ചതായി പൊലീസിൽ പരാതി നൽകിയിട്ടുണ്ടെന്ന് നാട്ടുകാർ പറഞ്ഞു. ഇന്നലത്തെ സംഭവത്തിൽ നാട്ടുകാർ കല്ലിയൂർ പഞ്ചായത്തിൽ പരാതി നൽകിയിരുന്നു. മാലിന്യം ജെ.സി.ബി ഉപയോഗിച്ച് മാറ്റിയാൽ അതിനുള്ള ചെലവ് വഹിക്കാമെന്ന വാക്കാലുള്ള മറുപടിയാണ് പഞ്ചായത്ത് പറഞ്ഞതെന്ന് നാട്ടുകാർ പറഞ്ഞു. ഈ മേഖലയിലെ മാലിന്യ പ്രശ്നത്തെക്കുറിച്ച് പൊലീസിൽ നിരന്തരം പരാതിപ്പെട്ടിട്ടും ഫലമുണ്ടായിട്ടില്ലെന്ന ആക്ഷേപവുമുണ്ട്.

കനാലുകളും ഇഷ്ട കേന്ദ്രങ്ങൾ

കല്ലിയൂർ പുന്നമൂട് റോഡിന് ചേർന്നുള്ള കനാലാണ് മാലിന്യ നിക്ഷേപകരുടെ മറ്റൊരു പ്രധാന കേന്ദ്രം.

കൃഷിക്കും, വീട്ടാവശ്യത്തിനുമായി കനാലിനെ ആശ്രയിക്കുന്നവർക്ക് ഇപ്പോൾ കനാൽ വെള്ളം ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. നെയ്യാർ ഡാമിൽ നിന്നും ആരംഭിക്കുന്ന കനാൽ, വെള്ളായണി കായലിലാണ് ചേരുന്നത്. മാലിന്യ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന കായലിന് ഇത് മറ്റൊരു പരിസ്ഥിതി പ്രശ്നമായി മാറുമെന്നാണ് നാട്ടുകാർ ചൂണ്ടിക്കാണിക്കുന്നത്.

തെരുവുവിളക്കുകൾ പലയിടത്തും പ്രവർത്തിക്കാത്തതിനാൽ സാമൂഹ്യവിരുദ്ധർക്ക് കൂടുതൽ സൗകര്യവുമായി.

വയലുകളെയും വെറുതേ വിടാറില്ല

വർഷങ്ങൾക്ക് ശേഷം നെൽകൃഷി പുനരാരംഭിച്ച വെള്ളായണി പാടശേഖരത്തിന് സമീപം വയലിൽ നികത്തുന്നത് മണ്ണിന്റെ കൂടെ മാലിന്യ ചാക്കുകൾ കൂട്ടിചേർത്താണത്രെ. നാലു വശവും കരിങ്കൽ കെട്ടിയ ശേഷം മാലിന്യ ചാക്കുകൾ ലോറിയിൽ എത്തിച്ചാണ് നിക്ഷേപിക്കുന്നത്. മണ്ണെത്താൻ വൈകിയാൽ മാലിന്യ ഗന്ധം പരിസരം മുഴുവൻ വ്യാപിക്കും. മാലിന്യവുമായി ലോറിയെത്തുന്ന നേരം നാട്ടുകാർ എതിർത്താൽ കൊണ്ടുവന്ന മാലിന്യം മറ്റു ഒഴിഞ്ഞ ഇടങ്ങളിൽ നിക്ഷേപിക്കുകയാണ് ഇവരുടെ പതിവ്.

KAUMUDI
ALERT

ലാൽകൃഷ്ണ വെൽഫയർ കോ- ഓപ്പറേറ്റീവ് സൊസൈറ്റി

പൗഡിക്കോണം രഘു പ്രസിഡന്റ്, എബ്രഹാം മാസ്റ്റർ വൈസ് പ്രസിഡന്റ്

പൗഡിക്കോണം രഘു (പ്രസിഡന്റ്)

എബ്രഹാം മാസ്റ്റർ (വൈസ് പ്രസിഡന്റ്)

തിരുവനന്തപുരം : പൗഡിക്കോണം ആസ്ഥാനമായി പ്രവർത്തിക്കുന്ന ലാൽകൃഷ്ണ സോഷ്യൽവെൽഫയർകോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആദ്യ ഭരണസമിതി തിരഞ്ഞെടുപ്പ് പ്രിസൈഡിംഗ് ഓഫീസർ ഷെറീഫിന്റെ നേതൃത്വത്തിൽ നടന്നു.

ഭാരവാഹികളായി പൗഡിക്കോണം രഘു (പ്രസിഡന്റ്), ജി.ഇ. എബ്രഹാം മാസ്റ്റർ (വൈസ് പ്രസിഡന്റ്), ജെ. രാജമ്മ (ഓണററി സെക്രട്ടറി). വി.കേശവൻകുട്ടി, കൊന്നവീട്ടിൽ സോമൻ നായർ, കെ. വേണുഗോപാലൻ, എസ്.കെ. അജികുമാർ, എസ്. മോഹനൻനായർ, ടി. രമേശൻ, എസ്. ചിത്രലേഖ, ലതാകുമാരി (കമ്മിറ്റി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

അഭേദാനന്ദ സംഗീതോത്സവം

തിരുവനന്തപുരം: അഭേദാശ്രമം ബാലകൃഷ്ണസ്വാമി ക്ഷേത്രോത്സവവും 28-ാമത് അഭേദാനന്ദ സംഗീതോത്സവവും 26 മുതൽ ഏപ്രിൽ 2 വരെ നടക്കും.

26ന് വൈകിട്ട് 6.30ന് തൃക്കൊടിയേറ്റ്, 31ന് രാവിലെ 9 മുതൽ ഉത്സവബലി, ഏപ്രിൽ 1ന് രാത്രി 8.30ന് പള്ളിവേട്ട എഴുന്നള്ളിപ്പ്, 2ന് രാവിലെ 9 മുതൽ ആറാട്ട് ബലി, ആറാട്ട്, 11.30ന് തൃക്കൊടിയിറക്കൽ.

സംഗീതോത്സവം 27ന് രാത്രി 7 ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം കെ.പി. ശങ്കരദാസ് ഉദ്ഘാടനം ചെയ്യും. മൃദംഗ വിദ്വാൻ മാവേലിക്കര എസ്.ആർ. രാജു അനുസ്മരണവും നടക്കും. തുടർന്ന് പ്രൊഫ. വർക്കല സി.എസ്. ജയറാമിന്റെ സംഗീതക്കച്ചേരി. 28ന് കടമ്മനിട്ട മീനാക്ഷിദേവ്, 29ന് ഡോ. പി. പത്മേഷ് (പുല്ലാങ്കുഴൽ), 30ന് നെയ്യാറ്റിൻകര ജി.എസ്. അരുൺ, 31ന് അജയ് നമ്പൂതിരി, ഏപ്രിൽ ഒന്നിന് ചിറയിൻകീഴ് സുധീഷ്, 2ന് പെരുമ്പാവൂർ സി.എസ്. സജീവ് എന്നിങ്ങനെയാണ് കച്ചേരികൾ. 26 മുതൽ ഏപ്രിൽ 2 വരെ ദിവസവും വൈകിട്ട് 5 മുതൽ 6.15 വരെ ഭജന. ഏപ്രിൽ 3ന് വൈകിട്ട് 5ന് കലാക്ഷേത്രം മണിക്കുട്ടനും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം ജുഗൽബന്ദി എന്നിവ അരങ്ങേറും.

അഭേദകീർത്തി പുരസ്കാരം സി.ജി. രാജഗോപാലിന്

തിരുവനന്തപുരം: അഭേദാശ്രമം സ്ഥാപകൻ സ്വാമി അഭേദാനന്ദ ഭാരതിയുടെ പേരിലുള്ള അഭേദകീർത്തി പുരസ്കാരത്തിന് സി.ജി. രാജഗോപാൽ രചിച്ച ശ്രീരാമചരിത മാനസം എന്ന തുളസീദാസ രാമായണ പരിഭാഷ തിരഞ്ഞെടുക്കപ്പെട്ടു. ഏപ്രിൽ 3ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പുരസ്കാരം നൽകും.

കോലത്തുകര വ്യാവസായിക തൊഴിൽ സമ്മേളനം

കുളത്തൂർ: കോലത്തുകര ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷിക ശതോത്തര രജത ജൂബിലി തിരുവാതിര മഹോത്സവത്തിന്റെ പതിനൊന്നാം ഉത്സവ ദിവസമായ ഇന്ന് രാത്രി 7ന് വ്യാവസായിക തൊഴിൽ സമ്മേളനം വി. ജോയി എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. സി.പി.ഐ നേതാവ് പന്ന്യൻ രവീന്ദ്രൻ മുഖ്യാതിഥിയായിരിക്കും. മുൻ മന്ത്രി ഷിബു ബേബിജോൺ, മുൻ ഡെപ്യൂട്ടി മേയർ വി. ജയപ്രകാശ്, നഗരസഭ മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സബീറ ബീഗം, കരകൗശല വികസന കോർപറേഷൻ ചെയർമാൻ കെ.എസ്. സുനിൽകുമാർ തുടങ്ങിയവർ പ്രസംഗിക്കും. സ്വാഗതസംഘം വൈസ് ചെയർമാനും കൗൺസിലറുമായ സുനിചന്ദ്രൻ സ്വാഗതവും എസ്. സുധീഷ്കുമാർ നന്ദിയും പറയും.

പതിവ് ക്ഷേത്ര ചടങ്ങുകൾക്ക് പുറമെ രാവിലെ 4.05ന് മഹാഗണപതി ഹവനം, 5.45ന് ഗുരുപൂജ, 8ന് പന്തീരടിപൂജ, 11.30ന് ഗുരുപൂജ, വൈകിട്ട് 5.30 മുതൽ തിരുവനന്തപുരം സ്വാതി ഓർക്കസ്ട്ര അവതരിപ്പിക്കുന്ന കരോക്കെ ഗാനമേള, തുടർന്ന് ഗുരുപൂജ, 8.10ന് ലഘുഭക്ഷണം, 10ന് നാഗസ്വരം-ഇരൈമണി ആനയറ എസ്. മഹേശ്വരൻ അവതരിപ്പിക്കുന്ന ജുഗൽ ബന്ദി.

ശംഖുംമുഖം ദേവീക്ഷേത്ര മഹോത്സവത്തിന് ക്ഷേത്ര തന്ത്രി പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാട് കൊടിയേറ്റുന്നു. മേൽശാന്തി എസ്. കൃഷ്ണൻ പോറ്റി സമീപം

ശംഖുംമുഖം ദേവീക്ഷേത്രോത്സവത്തിന് കൊടിയേറി

തിരുവനന്തപുരം: ശംഖുംമുഖം ദേവീക്ഷേത്രത്തിലെ ഉത്സവത്തിന് തുടക്കം കുറിച്ച് ഇന്നലെ ദേവിക്ക് നവരാത്രി ട്രസ്റ്റ് നെറ്റിപ്പട്ടവും തിടമ്പും സമർപ്പിച്ചു. രാവിലെ ക്ഷേത്ര സന്നിധിയിൽ നടന്ന ചടങ്ങിൽ അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ഭായി ക്ഷേത്ര മേൽശാന്തി എസ്. കൃഷ്ണൻപോറ്റിക്ക് നെറ്റിപ്പട്ടവും തിടമ്പും കൈമാറി. ട്രസ്റ്റ് സ്ഥാപക ടി. രത്നമ്മ, ശംഖുംമുഖം ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ പി. ശിവകുമാർ, കീഴ്ശാന്തി ശങ്കരനാരായണൻ നമ്പൂതിരി, ട്രസ്റ്റികളായ ആർ. മോഹനകുമാരി, കെ. തുളസീധരൻ, കെ. ഗിരി, കെ. ഷിബുകുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

അപകടക്കെണിയായി മെഡിക്കൽ കോളേജ് റോഡിലെ ഡിവൈഡർ

ഡിവൈഡറിന് മുന്നിൽപെട്ട സ്കൂട്ടർ യാത്രികൻ

ഉള്ളൂർ: മെഡിക്കൽ കോളേജ് പ്രധാന കവാടത്തിൽ നിന്നും അമ്മയും കുഞ്ഞും പ്രതിമയ്ക്ക് മുന്നിലൂടെ പോകുന്ന റോഡിലെ ഡിവൈഡർ അപകടക്കെണിയാകുന്നു. ബ്ലഡ് ബാങ്ക് കെട്ടിടത്തിന് സമീപത്ത് ഒ.പി വിഭാഗത്തിലേക്കും വാർഡിലേക്കും രോഗികൾ റോഡ് മുറിച്ച് കടക്കുന്ന സ്ഥലത്തുമാണ് അശാസ്ത്രീയമായ രീതിയിൽ ഡിവൈഡർ റോഡിലേയ്ക്ക് മുഴച്ച് നിൽക്കുന്നത്. റോഡ് റീ ടാറിംഗ് പൂർത്തിയായപ്പോൾ മുമ്പ് ഉണ്ടായിരുന്ന ഡിവൈഡറിന്റെ ഭൂരിഭാഗവും റോഡിനടിയിലായി. ഡിവൈഡറിന് മുന്നിൽ മുന്നറിയിപ്പ് ബോർഡും റിഫ്ലക്ടറും ഇല്ലാത്തതിനാൽ ചെറിയ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് പതിവായിരിക്കുകയാണ്. കഴിഞ്ഞദിവസം രാവിലെ ഡിവൈഡറിൽ ഇടിച്ച് നിയന്ത്രണംവിട്ട ഇരുചക്ര വാഹനം മറിഞ്ഞതും പിന്നിൽ രോഗിയുമായി പാഞ്ഞെത്തിയ വാഹനത്തിന് മുന്നിൽപ്പെട്ടിരുന്നു. തലനാരിഴയ്ക്കാണ് ദുരന്തം ഒഴിവായത്. രാത്രിസമയത്താണ് അപകടങ്ങൾ ഏറെയും നടക്കുന്നത്.

രോഗിയുമായി പായുന്നവർക്കും അപകട വിവരം അറിഞ്ഞു ആശുപത്രി അത്യാഹിത വിഭാഗത്തിലേക്ക് എത്തുന്നവർക്കും ഇതിന് സമീപം എത്തിയാലേ ഡിവൈഡർ ഉള്ള കാര്യം ശ്രദ്ധയിൽപ്പെടുകയുള്ളൂ. ഡിവൈഡറുകൾ പുതുക്കിപ്പണിയുകയും സിഗ്നൽ സ്ഥാപിക്കുകയും വേണമെന്ന ആവശ്യവും ശക്തമാണ്. റോഡ് മുറിച്ച് കടക്കുവാൻ ഇവിടെ അണ്ടർ പാസേജ് സ്ഥാപിക്കണമെന്ന ആവശ്യവും ഉയരുന്നുണ്ട്.

കാവ്യസായാഹ്നം

തിരുവനന്തപുരം: അസോസിയേഷൻ ഒഫ് കേരള ഗവ. കോളേജ് ടീച്ചേഴ്സിന്റെ (എ.കെ.ജി.സി.ടി) വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഗാന്ധിപാർക്കിൽ കാവ്യസായാഹ്നം സംഘടിപ്പിച്ചു. മുരുകൻ കാട്ടാക്കട ഉദ്ഘാടനം ചെയ്തു. എ. കെ. ജി. സി. ടി സംസ്ഥാന വൈസ് പ്രസിഡന്റ് പ്രീതാ പ്രഭാസൻ അദ്ധ്യക്ഷത വഹിച്ചു. ഗിരീഷ് പുലിയൂർ, ബിജു ബാലകൃഷ്ണൻ, ഡി. യേശുദാസൻ, വിനോദ് വൈശാഖി, അനീസ ഇക്ബാൽ, സ്വപ്ന ശ്രീനിവാസൻ, കെ.എസ്. മനോജ്, എം.ജി. രവികുമാർ, വി.എസ്. ബിന്ദു, സാബു കോട്ടുക്കൽ, ഡോ. കെ.കെ. ദാമോദരൻ എന്നിവർ പങ്കെടുത്തു. ഡോ. പി. രാജേഷ് കുമാർ സ്വാഗതവും ഡോ. പി.ആർ. പ്രിൻസ് നന്ദിയും പറഞ്ഞു.

അയൽവാസിയെ ആക്രമിച്ച കേസിൽ ഒളിവിൽ പോയ പ്രതിയെ പിടികൂടി

ഷിബു

കോവളം: അയൽവാസിയെ ആക്രമിച്ച കേസിൽ ഒളിവിൽ പോയ പ്രതിയെ വിഴിഞ്ഞം പൊലീസ് അറസ്റ്റ് ചെയ്തു.

വെങ്ങാനൂർ ഞാറവിള വീട്ടിൽ ഷിബു (36) വിനെയാണ് വിഴിഞ്ഞം എസ്.എച്ച്.ഒ എൻ. ഷിബു, എസ്.ഐ പി. രതീഷ് എന്നിവർ പിടികൂടിയത്. കക്കാക്കുഴി മേലരികത്ത് പുത്തൻ വീട്ടിൽ അനിൽകുമാർ (40) നെയാണ് രണ്ട് വർഷം മുമ്പ് ഷിബു ആക്രമിച്ചത്. ഇയാളെ റിമാൻഡ് ചെയ്തു.

പൊലീസ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസിൽ യുവാവ് അറസ്റ്റിൽ

കോവളം: ക്ഷേത്രോത്സവ സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന പൊലീസ് കോൺസ്റ്റബിളിനെ ആക്രമിച്ച് പരിക്കേല്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ. ഉച്ചക്കട സ്വദേശി വിജീഷിനെയാണ് (32) വിഴിഞ്ഞം പൊലീസ് അറസ്റ്റ് ചെയ്തത്.

കുറച്ച് ദിവസം മുമ്പ് ഉച്ചക്കട ജംഗ്ഷനിൽ കിടാരക്കുഴി ഇടിവിഴുന്നവിള ദേവീക്ഷേത്രത്തിൽ ദിക്ക് ബലിയോടനുബന്ധിച്ച് നടന്ന ഗാനമേളയ്ക്കിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന വിഴിഞ്ഞം പോർട്ട് ഡിറ്റാച്ച്മെന്റ് യൂണിറ്റിലെ കനിലിനെയാണ്(35) ആക്രമിച്ചത്. പ്രതിയെ റിമാൻഡ് ചെയ്തു.

സമൂഹ ഗണപതി ഹോമവും കഞ്ഞിസദ്യയും

തിരുവനന്തപുരം : കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ 15ന് രാവിലെ സമൂഹ ഗണപതി ഹോമവും ഹോമത്തിൽ പങ്കെടുക്കുന്ന ഭക്തർക്കായി നടത്തുന്ന കഞ്ഞിസദ്യയും ഉണ്ടായിരിക്കുന്ന വിവരം ക്ഷേത്ര സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു.

കണ്ണമ്മൂല, ആറ്റുകാൽ
മേഖലാസമ്മേളനം

തിരുവനന്തപുരം താലൂക്ക് എൻ.എസ്.എസ് യൂണിയന്റെ കണ്ണമ്മൂല, ആറ്റുകാൽ മേഖലകളുടെ സംയുക്ത സമ്മേളനം യൂണിയൻ വൈസ് പ്രസിഡന്റ് എം. വിനോദ് കുമാർ ഉദ്ഘാടനം ചെയ്യുന്നു. കെ.ആർ. വിജയകുമാർ, വി.എസ്.കെ. നായർ, ടി.എസ്. നാരായണൻ കുട്ടി, എം. ഈശ്വരി അമ്മ, വിജു വി. നായർ തുടങ്ങിയവർ സമീപം

ഐ.എം.എയുടെ നേമം ബ്രാഞ്ച് ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം: ഐ.എം.എയുടെ 104-ാമത് ബ്രാഞ്ച് നേമത്ത് ഇന്ന് രാത്രി 7.30ന് പാപ്പനംകോട് ഹോട്ടൽ വൈറ്റ് ഡാമറിൽ ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. ഇ.കെ. ഉമ്മർ ഉദ്ഘാടനം ചെയ്യും. ഇതോടൊപ്പം പുതിയ ഐ.എം.എ ഭാരവാഹികളുടെ സ്ഥാനാരോഹണവും നടക്കും.

എം.എൽ.എ മാരായ ഒ. രാജഗോപാൽ, ഐ.ബി. സതീഷ് എന്നിവർ മുഖ്യാതിഥികളായിരിക്കും. ഡോ. എ. മാർത്താണ്ഡപിള്ള മുഖ്യ പ്രഭാഷണം നടത്തും. കൗൺസിലർ എം. ആർ. ഗോപൻ, ഇന്ത്യൻ ചേംബർ ഒഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് ഡയറക്ടർ ബിജു രാമചന്ദ്രൻ, ലയൺസ് ക്ലബ് ഇന്റർനാഷണൽ 318 എ ചെയർപേഴ്സൺ കെ.പി. കൃഷ്ണകുമാർ, ഐ.എം.എ. തിരുവനന്തപുരം പ്രസിഡന്റ് ഡോ. ജോൺ പണിക്കർ തുടങ്ങിയവർ പങ്കെടുക്കും.

ദേവരാജൻ മാസ്റ്റർ അനുസ്മരണത്തോടനുബന്ധിച്ച് ദേവരാജൻ മാസ്റ്റർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മാനവീയം വീഥിയിൽ നടന്ന 'വാർതിങ്കൾ തോണി' എന്ന സംഗീത സായാഹ്നത്തിൽ രാജലക്ഷ്മി ഗാനം ആലപിക്കുന്നു

മെട്രോ അനിശ്ചിതത്വം അവസാനിപ്പിക്കുക, തലസ്ഥാനവികസനത്തിന് അടിയന്തര പ്രാധാന്യം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഫെഡറേഷൻ ഒഫ് റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് ധർണ ഒ. രാജഗോപാൽ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു